നവംബർ 2015

# കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപ്പത്രിക

# എച്ച്എൽഎൽ ഭവൻ – മുംബൈ



മുംബൈയിൽ ഖാർഗറിൽ സ്ഥാപിച്ച 'എച്ച്എൽഎൽ ഭവൻ ' കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ. ജഗത് പ്രകാശ് നഡ്ഡ ഉദ്ഘാടനം ചെയ്യുന്നു. എച്ച്എൽഎൽ സിഎംഡി ഡോ. എം അയ്യപ്പൻ സമീപം.

എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് മുംബൈയിൽ സ്ഥാപിച്ച 'എച്ച്എൽഎൽ ഭവൻ' കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ ജഗത് പ്രകാശ് നഡ്ഡ നവംബർ 23ന് ഉദ്ഘാടനം ചെയ്തു. എച്ച്എൽഎൽ കൈവരിക്കുന്ന അഭൂതപൂർവ്വമായ പുരോഗതിയിൽ ഏറെ സന്തോഷമുണ്ടെന്നും, മഹാരാഷ്ട്രയിലെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ നൽകാൻ മുംബൈ ഓഫീസ് വഴിയൊരുക്കുമെന്ന് തനിക്ക് ഉറപ്പുണ്ടെന്നും ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

മാരക രോഗങ്ങൾക്കുള്ള മരുന്നുകൾ കുറഞ്ഞ ചിലവിൽ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നത് തന്റെ സ്വപ്നമായിരുന്നു. ആ ദൗത്യം സധൈര്യം ഏറ്റെടുക്കുകയും കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ '**അമൃത്** 'എന്ന പേരിൽ, ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും 'അമൃത്' പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയതിനു ശേഷം രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

2016ൽ നടക്കാൻ പോകുന്ന എച്ച്എൽഎൽ സുവർണ ജൂബിലി ആഘോഷങ്ങളുടെ ലോഗോയും കേന്ദ്രമന്ത്രി ശ്രീ. നഡ്ഡ പ്രകാശനം ചെയ്തു. മുംബൈ ഓഫീസിന്റെ പ്രവർത്തനം പ്രാദേശിക ഉപഭോക്താക്കൾക്ക് ഉതകുന്ന തരത്തിലേക്ക് കൂടിയും സജ്ജമാക്കുമെന്ന് എച്ച്എൽഎൽ സിഎംഡി ഡോ. എം. അയ്യപ്പൻ പറഞ്ഞു.

നവിമുംബൈയിലെ ഖാർഗറിൽ സ്ഥാപിച്ച ഓഫീസിൽ എച്ച്എൽഎല്ലിന്റെ ബയോടെക്ക് ലിമിറ്റഡിനെ കൂടാതെ വിവിധ മാർക്കറ്റിംഗ് ഓഫീസുകളും, ഹൈറ്റ്സ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് എന്നിവയുടെ (എച്ച്എൽഎഫ്പിപിടി) ഓഫീസുകളും പ്രവർത്തിക്കും.

മഹാരാഷ്ട്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ശ്രീ.ഡോ. ദീപക് രാമചന്ദ്ര സാവന്ത്, പൻവേൽ എംഎൽഎ ശ്രീ. പ്രശാന്ത് താക്കൂർ, മാവൽ എംപി ശ്രീ. ശ്രീരംഗ് ബർനേ, എച്ച് എൽ എൽ ഡയറക്ടർമാരായ ആർ. പി.ഖണ്ഡേൽവാൽ (ഫിനാൻസ്), ഡോ.ബാബുതോമസ് (മാർക്കറ്റിംഗ്) എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

# എച്ച്എൽഎൽ ഭവൻ-മുംബൈ ഉദ്ഘാടനം

## കൂടുതൽ ചിത്രങ്ങൾ



കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ. ജഗത് പ്രകാശ് നഡ്ഡയെ എച്ച് എൽ എൽ സിഎംഡി ഡോ. എം. അയ്യപ്പൻ സ്വീകരിക്കുന്നു.

എച്ച്എൽഎൽ റീജിയണൽ ഓഫീസ് മന്ദിരത്തിന്റെ ശിലാഫലകം മന്ത്രി അനാവരണം ചെയ്യുന്നു.






ചടങ്ങിന്റ ഉദ്ഘാടനം ഭദ്രദീപം കൊളുത്തി മന്ത്രി നിർവ്വഹിക്കുന്നു.

# ഹിന്ദി പക്ഷാചരണ ആഘോഷങ്ങൾ സമാപിച്ചു

എച്ച്എൽഎല്ലിന്റേയും ടൗൺ ഒഫീഷ്യൽ ലാംഗ്വേജ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടേയും ഹിന്ദി പക്ഷാചരണ ആഘോഷങ്ങളുടെ സമാപന സമ്മേളനം എച്ച്എൽഎൽ പേരൂർക്കട ഫാക്ടറിയിൽ നടന്ന ചടങ്ങിൽ എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം അയ്യപ്പൻ ഉദ്ഘാടനം ചെയ്തു. കേരളാ യൂണിവേഴ്സിറ്റി ഹിന്ദി വിഭാഗം മുൻ മേധാവി ഡോ. എസ്. തങ്കമണി അമ്മ മുഖ്യാതിഥിയായിരുന്നു.

രാജഭാഷയായ ഹിന്ദിയെ ജീവനക്കാർക്കിടയിൽ പ്രചരിപ്പിക്കുന്നതിൽ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ഡോ. എം അയ്യപ്പൻ വ്യക്തമാക്കി. രാജഭാഷയോടുള്ള എച്ച്എൽഎല്ലിന്റെ പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് രാജഭാഷ പുരസ്കാരമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാജ്യത്തോടുള്ള സ്നേഹമാണ് ഭാഷാ സ്നേഹത്തിലൂടെ പ്രതിഫലിക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ ഭാഷകളുടെ പട്ടികയിൽ ഹിന്ദി ഉടൻതന്നെ ഇടം നേടുമെന്നും, ഹിന്ദി ഭാഷയെ പരിപോഷിപ്പിക്കുന്നതിന് എച്ച്എൽഎൽ നടത്തുന്ന പരിശ്രമങ്ങൾ പ്രശംസനീയമാണെന്നും ഡോ. എസ്. തങ്കമണി അമ്മ പറഞ്ഞു.


ഹിന്ദി ഭാഷ ഏറ്റവും ഫലപ്രദമായി ഉയോഗിച്ച യൂണിറ്റിനുള്ള എച്ച്എൽഎൽ ഏർപ്പെടുത്തിയ ചൽവൈജയന്തി (ഒന്നാം സ്ഥാനം) പുരസ്ക്കാരം കനഗല ഫാക്ടിക്ക് ലഭിച്ചു. പേരൂർക്കട ഫാക്ടറിക്കാണ് രണ്ടാം സ്ഥാനം.

പക്ഷാചരണത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ സിഎംഡി വിതരണം ചെയ്തു. ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ.കെ.ആർ.എസ് കൃഷ്ണൻ, എച്ച്എൽഎൽ എച്ച് ആർ സീനിയർ വൈസ് പ്രസിഡന്റും കമ്പനി സെക്രട്ടറിയുമായ ശ്രീ.പി ശ്രീകുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




ഹിന്ദി പക്ഷാചരണ ആഘോഷങ്ങളുടെ സമാപന സമ്മേളനം എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു.

## ഒററനോട്ടത്തിൽ



നവംബർ 1 ന് നടന്ന 'തിങ്ക് ടാങ്ക് ' ലക്ചർ സീരിസിൽ, 'കോർപ്പറേറ്റുകൾ പാലിക്കേണ്ട നിയമ വ്യവസ്ഥകൾ ' എന്ന വിഷയത്തിൽ ജസ്റ്റിസ് ശ്രീ. സി.എൻ രാമചന്ദ്രൻ നായർ (മുൻ ജഡ്ജി, കേരളാ ഹൈക്കോടതി) ക്ലാസ്സെടുക്കുന്നു.



ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് നടന്ന ഹിന്ദി പ്രസംഗ മത്സരത്തിൽ നിന്നും.

# എയിംസിൽ എച്ച്എൽഎല്ലിന്റെ 'അമൃത്' ഫാർമസി പ്രവർത്തനമാരംഭിച്ചു



ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ എച്ച്എൽഎൽ ആരംഭിച്ച അഫോഡബിൾ മെഡിസിൻസ് ആന്റ് റിലയബിൾ ഇംപ്ലാന്റ്സ് ഫോർ ട്രീറ്റ്മെന്റ് (അമൃത് ഫാർമസി) കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ശ്രീ. ജഗത് പ്രകാശ് നഡ്ഡ ഉദ്ഘാടനം ചെയ്യുന്നു. എച്ച്എൽഎൽ സിഎംഡി ഡോ. എം. അയ്യപ്പൻ സമീപം.

കാൻസർ, ഹൃദ്രോഗം എന്നിവയ്ക്കുള്ള മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിനായി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ (എയിംസ്) എച്ച്എൽഎൽ ആരംഭിച്ച അഫോഡബിൾ മെഡിസിൻസ് ആന്റ് റിലയബിൾ ഇംപ്ലാന്റ്സ് ഫോർ ട്രീറ്റ്മെന്റ് (അമൃത് ഫാർമസി) കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ശ്രീ. ജഗത് പ്രകാശ് നഡ്ഡ നവംബർ 15 ന് ഉദ്ഘാടനം ചെയ്തു.

സാധാരണക്കാർക്ക് ആശ്വാസമാകും വിധം അവശ്യ മരുന്നുകൾ 97 ശതമാനം വരെ വിലക്കുറവിലാണ് അമൃത് ഫാർമസികൾ വഴി ലഭിക്കുന്നത്. 15 - 20 ദിവസത്തിനകം അമൃതിന്റെ വിജയം വിലയിരുത്തി മറ്റു കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്ന് ശ്രീ.നഡ്ഡ പറഞ്ഞു. എല്ലാ കേന്ദ്ര ആശുപത്രികളും പദ്ധതി പ്രയോജനപ്പെടുത്തണം. സംസ്ഥാനങ്ങൾക്കും ഇത് തിരഞ്ഞെടുക്കാമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

195 കാൻസർ മരുന്നുകളും 186 കാർഡിയോവാസ്കുലർ മരുന്നുകളും കാർഡിയാക് ഇംപ്ലാന്റുകളും അമൃത് ഫാർമസിയിലൂടെ വില കുറച്ച് നൽകുമെന്ന് എച്ച്എൽഎൽ സിഎംഡി ഡോ. എം. അയ്യപ്പൻ അറിയിച്ചു.

കീമോതെറാപ്പിക്ക് ഉപയോഗിക്കുന്ന ഡോക്ടാക് സെൽ ഇൻജെക്ഷന് പൊതുവിപണിയിൽ വില 13,440 രൂപയാണ്. ഇത് അമൃത് ഫാർമസിയിൽ 94 ശതമാനം വില കുറച്ച് 888.75 രൂപയ്ക്കാണ് നൽകുക. കാബോപ്ലാന്റിൽ 450 മില്ലി ഗ്രാമിന് പുറത്തെ വില 2561.57 ആണ്. ഇവിടെ അത് 1316.25 രൂപയ്ക്ക് ലഭിക്കും.

ഉത്പാദനച്ചെലവിനേക്കാൾ വലിയ വിലയാണ് മരുന്നുകൾക്ക് ഈടാക്കുന്നത്. കാൻസർ മരുന്നു വിപണിക്ക് നിയന്ത്രണമില്ലാത്ത സാഹചര്യമാണുള്ളത്. രോഗികളുടെ വരുമാനം നോക്കി ചില്ലറ വിൽപനക്കാർ തോന്നുന്ന വിലയാണ് വാങ്ങുന്നത്. പേരിനു മാത്രം വില കുറയ്ക്കുകയും അത് വലിയ കുറവാണെന്ന് തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിയുമുണ്ട്. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്താണ് ഈ രംഗത്ത് വലിയ മാറ്റങ്ങൾക്ക് കാരണമാകാവുന്ന പദ്ധതിക്ക് തുടക്കമിടാൻ സർക്കാർ തീരുമാനിക്കുകയും അതിന് എച്ച്എൽഎല്ലിനെ ചുമതലപ്പെടുത്തുകയും ചെയ്തെന്ന് ഡോ. എം. അയ്യപ്പൻ പറഞ്ഞു.

മരുന്നുകൾക്ക് പുറമേ ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട ഇംപ്ലാന്റ് ഉപകരണങ്ങളും ഇവിടെ കുറഞ്ഞ വിലയ്ക്ക് ലഭിക്കും. നിരവധി ആളുകളെ അലട്ടുന്ന രണ്ട് രോഗങ്ങളുടെ ചികിൽസാച്ചിലവ് കുറച്ചു കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമാണ് പദ്ധതി. എച്ച്എൽഎൽ തന്നെയാണ് മരുന്നുകളും ഇംപ്ലാന്റുകളും വിതരണം ചെയ്യുന്നത്. ഡോക്ടർമാരിൽ നിന്നുള്ള വിശ്വാസ്യമായ മരുന്നു കുറിപ്പുകൾ മാത്രമായിരിക്കും സ്വീകരിക്കുക എന്നും സിഎംഡി കൂട്ടിച്ചേർത്തു.